**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1632** **05-07-2022 - ൽ മറുപടിയ്ക്ക്**

**ജൈവ-രാസവള വിലവർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ജൈവ-രാസവള വിലവർദ്ധനവ് കർഷകരെ ദുരിതത്തിലാക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | **ഉണ്ട്. വിവിധ അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റം, ചരക്ക് ഗതാഗത ചിലവ് എന്നിവയാണ് വളങ്ങളുടെ വില വർദ്ധിക്കാനുള്ള പ്രധാന കാരണങ്ങൾ. രാസജൈവവളങ്ങളുടെ വില നിശ്ചയിക്കുന്നതിൽ സംസ്ഥാന സർക്കാരിന് അധികാരമില്ല. വളങ്ങളുടെ വിലനിർണ്ണയം, നിയന്ത്രണം, വിതരണം മുതലായവ കേന്ദ്ര സർക്കാരിന്റെ മാത്രം അധികാരപരിധിയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. എന്നിരുന്നാലും ഉല്പാദനോപാധികളുടെ വിലക്കയറ്റം കർഷകരെ പ്രതികൂലമായി ബാധിക്കാതിരിക്കുവാൻ സംസ്ഥാന സർക്കാർ വിവിധ സംസ്ഥാനാവിഷ്കൃത പദ്ധതികൾ മുഖേന കൃഷി വകുപ്പിലൂടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെയും ഉല്പാദന ഉപാധികൾക്ക് സഹായധനം നൽകുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.** |
| (ബി) | കൃഷിയിറക്കുന്നതിനുള്ള ചെലവ് വർദ്ധിക്കുന്ന സാഹചര്യത്തിൽ ഈ മേഖലയിലുള്ള താല്പര്യക്കുറവ് മൂലം കൃഷി ഉപേക്ഷിക്കേണ്ടി വരുന്ന ഗുരുതര സാഹചര്യം ഒഴിവാക്കുന്നതിനും കർഷകരെ സഹായിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | സംസ്ഥാനത്ത് കർഷകരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുവാനും സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിനു വേണ്ടിയും ഉല്പാദനം, ഉല്പാദനക്ഷമത എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ കാർഷിക വൃത്തി ആകർഷകമായ വരുമാന മാർഗ്ഗമാക്കി മാറ്റുവാൻ ഉതകുന്നതാണ്.<br><br>വർദ്ധിച്ചു വരുന്ന കൃഷി ചെലവുകൾ മറികടക്കുവാൻ വേണ്ടി യന്ത്രവത്കരണം പ്രോത്സാഹിപ്പിക്കുവാൻ കൃഷി വകുപ്പ് 'ഫാംയന്ത്രവത്കരണത്തിനുള്ള സഹായം', കേന്ദ്രാവിഷ്കൃത പദ്ധതിയായ 'സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ' എന്നീ പദ്ധതികളിലൂടെ കർഷകർക്ക് സഹായം നൽകി വരുന്നു. ഫാം യന്ത്രവത്കരണത്തിനുള്ള സഹായം എന്ന പദ്ധതിയിലൂടെ യന്ത്രവത്കരണ പ്രവർത്തനങ്ങളുടെ ഭാഗമായ കാർഷിക സേവന |

കേന്ദ്രങ്ങൾ (കൃഷിശ്രീ കേന്ദ്രങ്ങൾ), കാർഷിക കർമ്മസേനകൾ, കസ്റ്റം ഹയറിംഗ് സെന്ററുകൾ എന്നിവ ശക്തിപ്പെടുത്തി സേവന പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ച് ഒറ്റ കേന്ദ്രത്തിലൂടെ നൽകുന്നതിന് ലക്ഷ്യമിടുന്നു. കാർഷിക പ്രവൃത്തികൾ മിതമായ നിരക്കിൽ കാർഷിക കർമ്മസേനകളിലൂടെയും അഗ്രോ സർവ്വീസ് സെന്ററുകളിലൂടെയും കർഷകർക്ക് ലഭ്യമാക്കുന്നു. നിലവിൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ 368 കാർഷിക കർമ്മസേനകളും ബ്ലോക്ക് അടിസ്ഥാനത്തിൽ 107 അഗ്രോ സർവ്വീസ് സെന്ററുകളും പ്രവർത്തിച്ചു വരുന്നു.

യന്ത്രവത്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി കാർഷിക മേഖലയിൽ ആവശ്യമായ യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനായി സബ്മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ എന്ന പദ്ധതിയിലൂടെ കർഷകർക്ക് 40 മുതൽ 80 ശതമാനം വരെ കേന്ദ്ര ധനസഹായം ലഭ്യമാകുന്നു.

കാർഷിക ഉല്പാദനോപാധികളുടെ വിലക്കയറ്റം കാർഷിക മേഖലയെ ബാധിക്കുന്ന മറ്റൊരു പ്രധാന പ്രശ്നമാണ്. അശാസ്ത്രീയവും അമിതവുമായ വളപ്രയോഗം ഈ പ്രശ്നം വർദ്ധിപ്പിക്കും. ശാസ്ത്രീയമായ വളപ്രയോഗത്തിനെ കുറിച്ചും നൂതന കൃഷി രീതികളെ കുറിച്ചും കർഷകരെ ബോധവൽക്കരിക്കുന്നതിന് സംസ്ഥാനാവിഷ്കൃത പദ്ധതികളായ കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ, കൃഷി പാഠശാല, മാനവശേഷി വികസനം എന്നതിലൂടെയും കേന്ദ്രാവിഷ്കൃത പദ്ധതിയായ ആത്മ എന്നതിലൂടെയും കർഷകർക്ക് പരിശീലനങ്ങൾ നൽകുവാൻ സാധിക്കുന്നു.

കേരളത്തിലെ അമ്ലത്വം കൂടിയ മണ്ണിൽ നിന്നും മെച്ചപ്പെട്ട വിളവ് ലഭിക്കുവാൻ കർഷകർക്ക് സബ്സിഡി നിരക്കിൽ കുമ്മായം പോലുള്ള വസ്തുക്കൾ 'മണ്ണിന്റേയും വേരിന്റേയും ആരോഗ്യപരിപാലനവും ഉത്പാദനക്ഷമത മെച്ചപ്പെടുത്തലും' എന്ന പദ്ധതിയിലൂടെ മണ്ണ് പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നു.

ഭക്ഷ്യവിളയായ നെല്ല്, പച്ചക്കറി, സുഗന്ധവിളകൾ, പഴവർഗ്ഗങ്ങൾ മുതലായവയുടെ കൃഷി നിലനിർത്തുന്നതിനോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. തെങ്ങിൻ തോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിള കൃഷി, സമ്മിശ്രകൃഷി

എന്നിവ നടത്തി യൂണിറ്റ് വിസ്തീർണ്ണത്തിൽ പരമാവധി ആദായം വർദ്ധിപ്പിക്കുന്നതിന് സമഗ്ര നാളികേരവികസന പദ്ധതി ഘടകങ്ങളായ കേരഗ്രാമം, ക്യാമ്പയിൻ അടിസ്ഥാനത്തിൽ തെങ്ങിൻ തോട്ടങ്ങളിൽ സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത പരിപാലന മുറകൾ, പച്ചില വളപ്രയോഗം, ഇടവിള കൃഷി (കേര രക്ഷാ വാരം) എന്നിവ ഈ വർഷം നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിള-കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനാപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽ നിന്നും കൃഷിയിടാധിഷ്ഠിത വികസന സമീപനത്തിന് ഈ വർഷം തുടക്കമിടുന്നു. ഓരോ ഫാമിനും യോജിച്ച കാർഷികോല്പാദന പദ്ധതി (ഫാം പ്ലാൻ) തയ്യാറാക്കി അത് പിന്തുടർന്നുകൊണ്ട് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സംയോജിത കൃഷി മുറകളിലൂടെ കർഷകരുടെ ഫാമുകളിൽ മാതൃകാ പ്ലോട്ടുകൾ വികസിപ്പിക്കുകയാണ് കൃഷി വകുപ്പ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം ദീർഘകാലാടിസ്ഥാനത്തിൽ വാർഷിക വരുമാനം പരമാവധിയാക്കുകയും നിലനിർത്തുകയും ചെയ്യുക എന്നതാണ്. ഈ വർഷം 10,760 ഇത്തരം യൂണിറ്റുകൾ പദ്ധതിക്ക് കീഴിൽ വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. തുടർ വർഷങ്ങളിൽ ഈ പദ്ധതി ഘട്ടംഘട്ടമായി വ്യാപിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഈ പരിപാടിയുടെ ഭാഗമായി ഉല്പാദനം, പ്രാഥമിക സംസ്കരണം, വിപണന പിന്തുണ എന്നിവ കാര്യക്ഷമമാക്കുന്നതിന് എഫ് പി ഒ (FPO)കൾ/ കമ്പനികൾ എന്നിവ രൂപീകരിക്കുന്നതിനായി കർഷക കൂട്ടായ്മകളെയും ഗ്രൂപ്പുകളെയും കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മേൽ പറഞ്ഞ പദ്ധതികളിലൂടെ നൽകുന്ന സഹായങ്ങൾ കൊണ്ട് കർഷകർക്ക് അവരുടെ വിളകളിൽ നിന്നും മെച്ചപ്പെട്ട ഉല്പാദനവും ഉല്പാദനക്ഷമതയും സുസ്ഥിരമായ വരുമാനവും ഉറപ്പാക്കുവാൻ സാധിക്കുന്നു.

സെക്ഷൻ ഓഫീസർ